# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*542

27-03-2018 ൽ മറുപടിയ്ക്ക്

## അഗ്രോ എക്കോളജിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ<br>,, റ്റി.വി.രാജേഷ്<br>,, കെ.ഡി. പ്രസേനൻ<br>,, വി.ടി.എ. റഹീം | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കാർഷിക വികസനം ഫലപ്രദമാക്കുന്നതിന് സാങ്കേതിക വിദ്യയുടെയും പുതിയ അറിവുകളുടെയും വ്യാപനം അനിവാര്യമായതിനാൽ അതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) | കർഷകർക്ക് വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കാർഷിക വിജ്ഞാന വ്യാപനം നടത്തുന്നതിനായി SFAC മുഖേന കാർഷിക വിവരസങ്കേതം എന്ന കാർഷിക പോർട്ടലും (www.krishi.info), കർഷകർക്കായി കാർഷിക വിവര സങ്കേതം (karshikavivarasanketham) എന്ന ആൻഡ്രോയിഡ് മൊബൈൽ ആപ്ലിക്കേഷനും, കാർഷിക ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിനായി ഇ-വിപണി (e-vipani) എന്ന ആൻഡ്രോയിഡ് മൊബൈൽ ആപ്ലിക്കേഷനും, കർഷകരുടെ സംശയങ്ങൾക്ക് മറുപടി നൽകുവാനും അവരെ സഹായിക്കുവാനുമായി കൃഷിവകുപ്പ് ഉദ്യോഗസ്ഥർക്ക് കാർഷിക കേരളം (Karshikakeralam) എന്ന ആൻഡ്രോയിഡ് മൊബൈൽ ആപ്ലിക്കേഷനും നിലവിലുണ്ട്. ഇതുകൂടാതെ കാർഷിക സർവ്വകലാശാല തയ്യാറാക്കിയിട്ടുള്ള പാക്കേജ് ഓഫ് പ്രാക്ടീസ് അടിസ്ഥാനമാക്കി എഫ്.ഇ.എം@മൊബൈൽ (FEM@mobile) കാർഷിക വിജ്ഞാന വ്യാപനത്തിനായി ഉപയോഗിക്കുന്നു. കർഷകരുടെ കൃഷി സംബന്ധമായ സംശയങ്ങൾ ദൂരീകരിക്കുന്നതിനായി SFAC യിൽ കാർഷിക വിവരസങ്കേതം കാൾ സെന്റർ ടോൾ ഫ്രീ നമ്പർ 1800-425-1661 പ്രവർത്തിക്കുന്നു. ഫീൽഡിലെ പ്രശ്നങ്ങൾ |

| | | | |
|---|---|---|---|
| | | | ഫോട്ടോ, വീഡിയോ എന്നിവ മുഖേന അറിയിക്കുന്നതിനായി വാട്സ് ആപ്പ് നമ്പർ 91 944 705 1661 പ്രവർത്തിക്കുന്നു. വിവിധ സോഷ്യൽ മീഡിയാചാനൽ മുഖേന കാർഷിക വിവരസങ്കേതവുമായി കർഷകർക്ക് ബന്ധപ്പെടാനുള്ള സൗകര്യം ഉണ്ട്. കർഷകർക്കായി കേന്ദ്രസർക്കാർ നടത്തുന്ന മലയാളത്തിലുള്ള കിസാൻ കാൾ സെന്റർ 1800-180-1551 എന്ന ടോൾ ഫ്രീ നമ്പരിൽ ബംഗളുരു ആസ്ഥാനമായി പ്രവർത്തിക്കുന്നു.<br>കർഷകർക്ക് കാർഷികോപകരണങ്ങളും പരിശീലനം സിദ്ധിച്ച ടെക്നീഷ്യൻമാരുടെ സേവനവും ഓൺലൈനായി നൽകുന്നതിനായി www.asha.kerala.gov.in എന്ന പോർട്ടൽ NIC തയ്യാറാക്കിയിട്ടുണ്ട്. കർഷകർക്ക് ശാസ്ത്രീയ കൃഷിമുറകളിലൂടെ വീഡിയോകൾ നൽകുന്നതിനായി കൃഷിദീപം യൂട്യൂബ് ചാനൽ IIITM-K യുമായി ചേർന്ന് തയ്യാറാക്കിയിട്ടുണ്ട്. കർഷരുടെ പ്രധാനപ്പെട്ട വിളകളുടെ ശാസ്ത്രീയ കൃഷിമുറകൾ, പുതിയ സംരംഭങ്ങൾ എന്നിവയെക്കുറിച്ച് വിജ്ഞാനം നൽകിവരുന്നു. കർഷകർക്ക് എസ്.എം.എസ്, ശബ്ദസന്ദേശങ്ങൾ എന്നിവ വഴി പുതിയ സാങ്കേതികവിദ്യകളെക്കുറിച്ചും രോഗകീട നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ചും അറിവു നൽകുന്നു. ഇതുകൂടാതെ കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ www.celkau.in എന്ന അഗ്രിടെക് പോർട്ടലും നിലവിലുണ്ട്. |
| (ബി) | കാർഷിക ജൈവവ്യവസ്ഥ യൂണിറ്റുകളുടെ (അഗ്രോ എക്കോളജിക്കൽ യൂണിറ്റ്) പ്രവർത്തനം വിശദമാക്കാമോ; | (ബി) | കൊല്ലം, പാലക്കാട്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ 2011-12 സാമ്പത്തിക വർഷം മുതൽ കാർഷിക ജൈവ വ്യവസ്ഥ യൂണിറ്റിനെ അടിസ്ഥാനമാക്കിയുള്ള വിജ്ഞാന വ്യാപന സംവിധാനം ആരംഭിച്ചിട്ടുണ്ട്. "ലീഡ്സ്" എന്ന് നാമകരണം ചെയ്തിട്ടുള്ള പദ്ധതിയാണ് ഇപ്രകാരം ആരംഭിച്ചിട്ടുള്ളത്. 2011-12 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതി ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.<br>ഇപ്രകാരം കൊല്ലം ജില്ലയെ 4 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായും പാലക്കാട് ജില്ലയെ 4 ഇക്കോളിക്കൽ യൂണിറ്റുകളായും, കണ്ണൂർ ജില്ലയെ 5 ഇക്കോളജിക്കൽ യൂണിറ്റുകളായും, വയനാട് ജില്ലയെ 3 |

ഇക്കോളജിക്കൽ യൂണിറ്റുകളായും തിരിച്ചിട്ടുണ്ട്.

ഇതിൽ ഓരോ അഗ്രോ ഇക്കോളജിക്കൽ യൂണിറ്റിലും വരുന്ന ഓരോ പഞ്ചായത്തിൽ നിന്നും പുരോഗമന കർഷകരായ 3 പേരെ ലീഡ് ഫാർമർമാരായി തെരഞ്ഞെടുക്കുന്നു. ഓരോ ലീഡ് ഫാർമറേയും കേന്ദ്രീകരിച്ച് ഒരു സാറ്റലൈറ്റ് ഫാർമർ ഗ്രൂപ്പ് രൂപീകരിക്കുന്നു.

നൂതന സാങ്കേതിക വിദ്യ പ്രദർശനത്തിനായി ഓരോ ലീഡ് ഫാർമർക്കും 4,000/- രൂപാ വീതവും സാങ്കേതിക വിദ്യ പ്രചരണനത്തിനായി ഓരോ സാറ്റലൈറ്റ് ഗ്രൂപ്പിനും 4,000/- രൂപ വീതവും അനുവദിക്കുന്നുണ്ട്. ഇതിനു പുറമേ കർഷക ശാക്തീകരണം കൃഷി പരിശീലന പരിപാടികൾ എന്നിവയും നടപ്പിലാക്കുന്നുണ്ട്.

ജില്ലയിലെ ആത്മ പ്രോജക്ട് ഡയറക്ടർ തയ്യാറാക്കുന്ന സന്ദർശന ഷെഡ്യൂൾ അനുസരിച്ചാണ് ഫീൽഡ് അസിസ്റ്റന്റുമാർ ലീഡ് ഫാർമറേയും സാറ്റലൈറ്റ് ഗ്രൂപ്പുകളേയും സന്ദർശിക്കുന്നത്.

സന്ദർശന ഷെഡ്യൂൾ അനുസരിച്ച് കർഷകരുടെ കൃഷിയിടം സന്ദർശിക്കുന്ന ഫീൽഡ് അസിസ്റ്റന്റുമാർ ഫീൽഡ് തലത്തിലെ കാർഷിക പ്രശ്നങ്ങൾ ശേഖരിച്ച് കൃഷിഭവൻ ആഫീസറുടെയും അസിസ്റ്റന്റുമാരുടെയും സഹായത്തോടെ പരിഹരിക്കുന്നു. ഇവ ഫീൽഡ് അസിസ്റ്റന്റുമാർ ബ്ലോക്കുതലത്തിൽ എല്ലാ മാസവും ബ്ലോക്കിലെ എല്ലാ കൃഷി ഉദ്യോഗസ്ഥരുടെയും പ്രമുഖ കർഷകരുടെയും സാന്നിധ്യത്തിൽ നടക്കുന്ന പ്രീ എം.റ്റി.എ മീറ്റിംഗിൽ അവതരിപ്പിക്കുന്നു. പ്രശ്നപരിഹാരം സാധ്യമാകാത്തവ കൃഷി ശാസ്ത്രജ്ഞർ പങ്കെടുക്കുന്ന എം.റ്റി.എ മീറ്റിംഗിൽ അവതരിപ്പിക്കുന്നു. ഈ മീറ്റിംഗിൽ ഫീൽഡ് അസിസ്റ്റന്റുമാർ, കൃഷി ആഫീസർമാർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ, പ്രോജക്ട് ഡയറക്ടർ (ആത്മ) എന്നിവർ പങ്കെടുക്കുന്നു. ഈ മീറ്റിംഗിലെ ചർച്ചകളെ അടിസ്ഥാനമാക്കി പ്രതിമാസ സാങ്കേതിക ഉപദേശം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു. ഇത് ഫീൽഡ് അസിസ്റ്റന്റുമാർ കർഷകരിലേക്കെത്തിക്കുന്നു.

| | | |
|---|---|---|
| (സി) | 'സമേതി'യെയും പ്രാദേശിക കൃഷി വിദ്യാ പരിശീലന കേന്ദ്രങ്ങളെയും (ആർ.എ.റ്റി.റ്റി.സി.) ശക്തിപ്പെടുത്തി വിജ്ഞാന വ്യാപനം കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ? | (സി) വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ 'സമേതി'യ്ക്ക് 131.77 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.<br>കർഷകർക്കും കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്കും കൃഷി-അനുബന്ധ മേഖലകൾ സംബന്ധിച്ച് പരിശീലനം നൽകുന്നതിനായി പ്രാദേശിക കൃഷിവിദ്യാ പരിശീലന കേന്ദ്രങ്ങൾക്ക് 2017-18 സാമ്പത്തിക വർഷത്തിൽ താഴെ പറയും പ്രകാരം ഫണ്ട് അനുവദിച്ചിട്ടുണ്ട്.<br>RATTC കഴക്കൂട്ടം, തിരുവനന്തപുരം - 24.456 ലക്ഷം<br>RATTC കോഴ, കോട്ടയം - 24.456 ലക്ഷം<br>RATTC വൈറ്റില, എറണാകുളം - 24.456 ലക്ഷം<br>RATTC മലമ്പുഴ, പാലക്കാട് - 24.456 ലക്ഷം<br>RATTC തളിപ്പറമ്പ്, കണ്ണൂർ - 24.456 ലക്ഷം<br>ടി തുക കൊണ്ട് കർഷകർ, കൃഷി ഉദ്യോഗസ്ഥർ തുടങ്ങിയവർക്കുള്ള പരിശീലന പരിപാടികൾ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ